# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1944 — 17/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ആദിവാസികൾക്ക് സൗജന്യ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എളമരം കരീം | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | അട്ടപ്പാടിയിലെ ആദിവാസികളിൽ അനാരോഗ്യമുള്ളവരെ കണ്ടെത്തി സൗജന്യ ചികിത്സയും പോഷകാഹാരവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | എ | നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യം, സാമൂഹ്യ നീതി, എൻ.ആർ.എച്ച്.എം എന്നീ വകുപ്പുകളിലെ എസ്.റ്റി പ്രൊമോട്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/ഹെൽത്ത് ഇൻസ്പെക്ടർ, ആശാ വർക്കർമാർ, അംഗൻവാടി വർക്കർമാർ എന്നിവർ സംയുക്തമായി എല്ലാ പട്ടികവർഗ്ഗ ഊരുകളും സന്ദർശിച്ച് അസുഖബാധിതരെ കണ്ടെത്തി ആശുപത്രിയിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കി വരുന്നു. വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച് കിടത്തി ചികിത്സയും നടത്തി വരുന്നു. അതേപോലെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ ഊരുകളിൽ എത്തി വൈദ്യ പരിശോധന നടത്തി വരുന്നു. പ്രത്യേക പരിചരണം ആവശ്യമായ വിളർച്ച ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ് അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാർ, 1 മുതൽ 6 വയസ്സ് പ്രായത്തിലുള്ളവർ എന്നിവർക്ക് അംഗൻവാടി വഴിയുള്ള പൂരക പോഷണം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും 10 കിലോ വീതം അരി, 2 കിലോ വീതം പയർ നൽകി. അടുത്ത നാലു മാസത്തേക്ക് പ്രതിമാസം 10 കിലോ വീതം റാഗി 2 കിലോ വീതം ചെറുപയർ/കടല/തുവര നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | പോഷകാഹാരക്കുറവുള്ള ആദിവാസി സ്ത്രീകൾക്കും കുട്ടികൾക്കും തുടർച്ച യായ ചികിത്സ അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | ബി | ഉണ്ട്. ഇതിനായി അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. |
| സി | വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്ലാസുകൾ സംഘടിപ്പിച്ചും വീട്ടിലെത്തി ചികിത്സിച്ചും ആദിവാസികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി | മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന വിദഗ്ദ്ധ ഡോക്ടർമാരെ ഉൾക്കൊള്ളിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളിലും മെഡിക്കൽ ക്യാമ്പ് നടത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**